# വിശ്വാസപരിശീലന കേന്ദ്രം

## ഫൊറോനാ ഡയറക്ടേഴ്സിന് നന്ദിയും സ്വാഗതവും

വിശ്വാസ പരിശീലന വിഭാഗത്തിന്റെ ഫൊറോനാ ഡയറക്ടർമാരായി സ്തുത്യർഹവും നിസ്വാർത്ഥവുമായ സേവനം ചെയ്ത ഇടപ്പള്ളി ഫൊറോനാ ഡയറക്ടർ ബ. ജെറ്റോ തോട്ടുങ്കലച്ചനും മഞ്ഞപ്ര ഫൊറോനാ ഡയറക്ടർ ബ. പോൾ അമ്പൂക്കനച്ചനും അതിരൂപത വിശ്വാസ പരിശീലന വിഭാഗത്തിന്റെ നന്ദിയർപ്പിക്കുന്നു. പുതിയ ഫൊറോന ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുത്ത ബ. അഗസ്റ്റിൻ ഭരണികുളങ്ങരയച്ചനും (ഇടപ്പള്ളി), ബ. അനൂപ് കടപ്പള്ളിലച്ചനും (മഞ്ഞപ്ര) സ്നേഹാർദ്രമായ സ്വാഗതം നേരുന്നു.

## അറിയിപ്പുകൾ

**1)** പത്താം ക്ലാസ്സിലെയും പന്ത്രണ്ടാം ക്ലാസ്സിലെയും ഫൊറോനാ തല ഉത്തരക്കടലാസ് പരിശോധനയിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് സംഘടിപ്പിച്ച ഫൊറോനാ കൗൺസിലംഗങ്ങൾക്ക് ഹൃദയപൂർവ്വകമായ നന്ദിയർപ്പിക്കുന്നു.

**2)** പ്രളയവുമായി ബന്ധപ്പെട്ട് വിശ്വാസ പരിശീലന പാഠാവലികൾ നഷ്ടപ്പെട്ടു പോയ കുട്ടികളുടെ ഇടവകകളിലേക്ക് അതിരൂപതാ കേന്ദ്രത്തിൽ നിന്നും 43559.00 രുപയുടെ പുസ്തകങ്ങൾ സൗജന്യ നിരക്കിൽ നൽകുകയുണ്ടായി.

**3)** ഓൺലൈനിൽ ഓരോ ഇടവകയിൽ നിന്നും ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ചെയ്യുന്നുണ്ടെന്ന് ദയവായി ഉറപ്പു വരുത്തണം. പരീക്ഷയുടെ മാർക്ക്, ഇന്റേണൽ അസ്സസ്മെന്റിന്റെ മാർക്ക് തുടങ്ങിയവ ചേർക്കുന്നത്, കുട്ടികളുടെ പേരുകൾ ചേർക്കുന്നത് എന്നിവയിൽ വീഴ്ച വരുത്താതിരിക്കണമെന്ന് ഉത്തരവാദിത്തപ്പെട്ടവരോട് ബ. വികാരിയച്ചന്മാർ നിർദ്ദേശിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**4)** പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികളിൽ നിന്നും സീറോമലബാർ സഭയുടെ പ്രതിഭാസംഗമത്തിലേക്ക് കുട്ടികളെ അയയ്ക്കുന്നതിനായി കുട്ടികളെ പ്രധാനമായും തെരഞ്ഞെടുക്കുന്നത് ഫൊറോനാതല എലൈവ് പ്രോഗ്രാം നടക്കുമ്പോഴാണ്. അതിൽ പരിമിതികളുണ്ടെന്നതുകൊണ്ട് തന്നെ എലൈവിൽ തെരഞ്ഞെടുക്കപ്പെടാത്തവരും എന്നാൽ, പ്രതിഭകളായി തെരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുണ്ടെന്ന് ഇടവക വികാരിയച്ചന് ബോധ്യമുള്ളവരുമായ കുട്ടികളുടെ പേരുകളും

അതിരൂപതാ കേന്ദ്രത്തിലേക്ക് നവംബർ 30-ന് മുൻപ് നൽകാവുന്നതാണ്. ഫോറോനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ കുട്ടികളെയും ഒരുമിച്ചുകൂട്ടി അതിരൂപതയിൽ നടത്തുന്ന ക്യാമ്പിൽ നിന്നുമാണ് ആറു കുട്ടികളെ തെരഞ്ഞെടുത്ത് സീറോമലബാർ സഭാ പ്രതിഭാസംഗമത്തിലേക്ക് അയയ്ക്കുന്നത്.

**5)** പ്രധാനാദ്ധ്യാപകരുടെയും ഫൊറോനാ സെക്രട്ടറിമാരുടെയും യോഗം നവംബർ 11 ഞായറാഴ്ച രാവിലെ 9.30 മുതൽ 1.00 വരെ റിന്യൂവൽ സെന്ററിൽ വച്ച് നടക്കുന്നു. എല്ലാ പ്രധാനാദ്ധ്യാപകരേയും ഈ യോഗത്തിലേക്ക് പറഞ്ഞയക്കുമല്ലൊ. എന്തെങ്കിലും പ്രത്യേക നിർദ്ദേശം ബ. വികാരിയച്ചനു നൽകാനുണ്ടെങ്കിൽ രേഖാമൂലം പ്രധാനാദ്ധ്യാപകൻ വഴി കൊടുത്തുവിടാവുന്നതാണ്. അവർക്കുവേണ്ടി വി. കുർബാന ഇവിടെ ഉണ്ടായിരിക്കുന്നതാണ്.

## പ്രധാന പരിപാടികൾ

**നവംബർ 2018**

| | | |
|---|---|---|
| 04 ഞായർ | : | എലൈവ് - വല്ലം ഫൊറോന<br>വി. ചാൾസ് ബറോമിയയുടെ തിരുന്നാൾ (വിശ്വാസ പരിശീലകരുടെ മധ്യസ്ഥൻ) |
| 10 ശനി | : | എൻലൈറ്റ് - മൂഴിക്കുളം, വൈക്കം ഫൊറോനകൾ |
| 11 ഞായർ | : | പ്രധാനാദ്ധ്യാപകരുടെയും ഫൊറോന സെക്രട്ടറിമാരുടെയും യോഗം 9.30 am - 1.00 pm |
| 18 ഞായർ | : | എലൈവ് - പള്ളിപ്പുറം ഫൊറോന |
| 20 ചൊവ്വ | : | എൻലൈറ്റ് - കിഴക്കമ്പലം, കാഞ്ഞൂർ ഫൊറോനകൾ |
| 25 ഞായർ | : | എലൈവ് - ചേർത്തല ഫൊറോന<br>ക്രിസ്തുവിന്റെ രാജത്വ തിരുനാൾ (പ്രേഷിതപ്രഘോഷണ ദിനം) |

**ഡിസംബർ 2018**

| | | |
|---|---|---|
| 02 ഞായർ | : | എലൈവ് - തൃപ്പൂണിത്തുറ ഫൊറോന |
| 08 ശനി | : | എൻലൈറ്റ് - മഞ്ഞപ്ര, കൊരട്ടി ഫൊറോനകൾ |
| 09 ഞായർ | : | എലൈവ് - മൂഴിക്കുളം ഫൊറോന |

**ഫാ. ജോയ്സ് കൈതക്കോട്ടിൽ**
**ഡയറക്ടർ**